"ഭരണഭാഷ- മാതൃഭാഷ"



**കേരള സർക്കാർ**

**സംഗ്രഹം**

തസ്വഭവ - LID&EW - (റിട്ട) സൂപ്രണ്ടിങ് എഞ്ചിനീയർ ശ്രീ. ജയകുമാർ ബി.എസ്, ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA:926/2019 മേലുള്ള വിധിന്യായം നടപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇഡബ്ല്യുബി) വകുപ്പ്**

സ.ഉ.(സാധാ) നം.597/2024/LSGD തീയതി,തിരുവനന്തപുരം, 13-03-2024

---

പരാമർശം:-

1. ശ്രീ. ജയകുമാർ ബി.എസ്. 03.12.2016 -ൽ സർക്കാർ മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷ.
2. അഡ്വക്കേറ്റ് ജനറലിന്റെ 11.03.2024 തീയതിയിലെ C (TVM)1 - CPTVM 37/2024/2024029867 നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ വകുപ്പ് സൂപ്രണ്ടിങ് എഞ്ചിനീയർ ആയി സർവീസിൽ നിന്ന് വിരമിച്ച ശ്രീ. ജയകുമാർ ബി.എസ്. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA:2778/2016 നമ്പർ കേസിലെ ബഹു.ട്രിബ്യൂണലിന്റെ ഉത്തരവ് പാലിച്ചുകൊണ്ട് സർക്കാർ പുറപ്പെടുവിച്ച Annexure -A8 ഉത്തരവിനെതിരെ ടിയാൻ OA No.926/2019 നമ്പരായി കേസ് ഫയൽ ചെയ്തിരുന്നു. പ്രസ്തുത കേസിൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പരാമർശം (2) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ ടിയാൻ സർക്കാർ മുമ്പാകെ സമർപ്പിച്ച Annexure A6 അപേക്ഷ പരിഗണിച്ച് രണ്ട് മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കാൻ നിർദ്ദേശിച്ചിരുന്നു.

Annexure A6 അപേക്ഷ പരിശോധിച്ചതിൽ നിന്നും 31.05.2023 -ന് സൂപ്രണ്ടിങ് എഞ്ചിനീയർ ആയി സർവീസിൽ നിന്ന് വിരമിച്ച ശ്രീ. ജയകുമാർ ബി.എസ്. തന്നെ 2012 ലെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നും ആയതിനാൽ 01.06.2012 തീയതി പ്രാബല്യത്തിൽ ചീഫ് എഞ്ചിനീയർ തസ്തികയിലേക്ക് നോഷണൽ പ്രൊമോഷൻ നൽകി പെൻഷനും മറ്റു ആനുകൂല്യങ്ങളും അനുവദിച്ചു നൽകണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. ബി. എസ്. ജയകുമാറിനെതിരെ അച്ചടക്ക നടപടി നിലനിന്നിരുന്നതിനാലും സുപ്രണ്ടിംഗ് എൻജിനീയർ തസ്തികയിലെ

പ്രൊബേഷൻ തൃപ്തികരമായി പൂർത്തിയായതായി പ്രഖ്യാപിക്കാത്തതിനാലുമാണ് ഡി.പി.സി. ടിയാനെ സെലക്ട് ലിസ്റ്റിൽ നിന്നും ഒഴിവാക്കിയത്. ടിയാനെ സെലക്ട് ലിസ്റ്റിൽ നിന്നും ഒഴിവാക്കിയ നടപടിക്രമത്തിൽ വീഴ്ചകളൊന്നും ഉണ്ടായിട്ടുള്ളതായി കാണുന്നില്ല. സർവീസിലിരിക്കുന്ന കാലയളവിൽ ചട്ടപ്രകാരമുള്ള നടപടിക്രമം പാലിക്കാതെ ഒരാൾക്ക് സ്ഥാനക്കയറ്റം നിഷേധിക്കുന്ന സാഹചര്യത്തിൽ പിന്നീട് നൽകുന്ന പരിഹാര നടപടിയായാണ് കെ. എസ്. &എസ്. എസ്. ആർ ചട്ടം 28(b)(i)(14) പ്രകാരമുള്ള ആനുകൂല്യം നൽകുന്നത്. ശ്രീ. ബി. എസ്. ജയകുമാറിനെ സെലക്ട് ലിസ്റ്റിൽ നിന്നും ഒഴിവാക്കിയ നടപടിക്രമത്തിൽ വീഴ്ചകളൊന്നും ഉണ്ടായിട്ടില്ലാത്തതിനാൽ കെ.എസ്.&എസ്.എസ്.ആർ ചട്ടം 28(b)(i)(14) പ്രകാരമുള്ള ആനുകൂല്യത്തിന് ടിയാൻ അർഹനല്ല.

കൂടാതെ ശ്രീ.ബി.എസ്.ജയകുമാറിനെതിരെ ഫയൽ ചെയ്തിരുന്ന VC 08/12/KNR നമ്പർ വിജിലൻസ് കേസിലെ 31/10/2018 -ലെ വിധിയ്ക്കെതിരെ സമർപ്പിച്ച അപ്പീൽ (Crl.Rev.Petition No.2692/2021) ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണുള്ളത്. Crl.Rev.Petition No. 2692/2021 -ന്റെ അന്തിമ വിധി അടിസ്ഥാനമാക്കി മാത്രമേ പ്രമോഷൻ നൽകുന്ന കാര്യം പരിഗണിക്കുവാൻ സാധിക്കുകയുള്ളൂ.

ഇക്കാരണങ്ങളാൽ (റിട്ട.) സൂപ്രണ്ടിങ് എഞ്ചിനീയർ ശ്രീ. ബി. എസ്. ജയകുമാർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA:926/2019 നമ്പർ കേസിലെ Annexure-A6 അപേക്ഷ പരിഗണനാർഹമല്ലാത്തതിനാൽ ആയതിൽ ഉന്നയിച്ചിരിക്കുന്ന ആവശ്യം നിരാകരിച്ച് ഉത്തരവാകുന്നു.

ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA:926/2019 നമ്പർ കേസിലെ 28.02.2023 -ലെ വിധിന്യായം ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജുക്കുട്ടൻ എം എസ്
അഡിഷണൽ സെക്രട്ടറി

പകർപ്പ് :

1. അഡ്വേക്കേറ്റ് ജനറൽ,തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
2. പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശ സ്വയംഭരണ വകുപ്പ് ,തിരുവനന്തപുരം.
3. ചീഫ് എഞ്ചിനീയർ ,തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം.

4. അക്കൗണ്ടന്റ് ജനറൽ (എ&ഇ /ഓഡിറ്റ് )തൃശ്ശൂർ.

5. ശ്രീ.ജയകമാർ.ബി.എസ്, (റിട്ട) സൂപ്രണ്ടിങ് എഞ്ചിനീയർ(തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).

6. എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

7. വെബ് &ന്യൂ മീഡിയ ,വിവര പൊതുജന സമ്പർക്ക വകുപ്പ്. .

8. കരുതൽ ഫയൽ / ഓഫീസ് കോപ്പി .

ഉത്തരവിൻ പ്രകാരം

Signed by
Keerthi I.p
സെക്ഷൻ ഓഫീസർ
Date: 13-03-2024 17:00:50